SUNDAY 31-10-2021 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -31/10/2021

1. പ്രളയക്കെടുതിയിൽ വിളനാശം സംഭവിച്ച കർഷകർ എത്രയും പെട്ടെന്ന് വിവരങ്ങൾ കൃഷിഭവനുകളിൽ അറിയിക്കേണ്ടതാണ്. നഷ്ടപരിഹാരത്തിന് AIMS വെബ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. AIMS പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകർക്ക് നഷ്ടപരിഹാരത്തിനായി അവരുടെ 'ലോഗ് ഇൻ' ഐഡി ഉപയോഗിച്ച് പോർട്ടലിൽ അപേക്ഷിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷകൾ കർഷകർക്ക് സ്വന്തമായോ, അക്ഷയ സെന്ററുകൾ മുഖേനയോ, കോമൺ ഫെസിലിറ്റേഷൻ സെന്റർ മുഖേനയോ, കൃഷിഭവൻ മുഖേനയോ ചെയ്യാവുന്നതാണ്. വിള ഇൻഷുറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർ കൃഷി നാശം സംഭവിച്ച് 15 ദിവസത്തിനകത്തും ഇൻഷ്വർ ചെയ്തിട്ടില്ലാത്ത കർഷകർ പ്രകൃതിക്ഷോഭം മൂലം വിളനാശമുണ്ടായി 10 ദിവസത്തിനുള്ളിലും നഷ്ടപരിഹാരത്തിനായി AIMS പോർട്ടൽ മുഖേന അപേക്ഷിക്കേണ്ടതാണ്.

2. പശുക്കളെ നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ നിയമം അനുസരിച്ച് സഹായമായി പശു ഒന്നിന് 30,000 രൂപ സർക്കാർ നഷ്ട പരിഹാരം നൽകും. പശുക്കിടാവിന് 15000 രൂപയും കോഴികൾക്ക് 200 രൂപയും നഷ്ടപരിഹാരമായി ലഭിയ്ക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

3. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കാബേജ്, കോളിഫ്ളവർ തൈകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. തൈ ഒന്നിന് 2 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ 5 മണിവരെ ബന്ധപ്പെടുക.

4. തിരുവനന്തപുരം ചെറ്റച്ചൽ ജഴ്സി ഫാം എക്സ്റ്റെൻഷൻ യൂണിറ്റിലെ ഹാച്ചറിയിൽ നിന്നും ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാണ്. ആവശ്യമുള്ളവർ ഫാം ഓഫീസിൽ ബുക്ക് ചെയ്യണമെന്ന് അസിസ്റ്റൻ ഡയറക്ടർ അറിയിച്ചു. ഒരു ദിവസം പ്രായമായ ലിംഗനിർണ്ണയം നടത്താത്ത കോഴിക്കുഞ്ഞുങ്ങളെ 18 രൂപ നിരക്കിലാണ് ഫാമിൽ നിന്നും വിൽപ്പന നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് **9645491459, 9447584870, 8590274132** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം വഴി നടപ്പിലാക്കുന്ന **"ശീതകാല പച്ചക്കറി കൃഷി"**എന്ന മാസ്സീവ് ഓപ്പൺ ഓൺലൈന് കോഴ്സ് (MOOC) 2021 നവംബര് മാസം 8-)o തിയ്യതി ആരംഭിക്കുന്നു. പൂർണ്ണമായും സൗജന്യമായി നടപ്പിലാക്കുന്ന ഈ കോഴ്സിൽ പഠിക്കാൻ താല്പര്യമുള്ളവർ 2021 നവംബർ 07 നകം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ നടപ്പിലാക്കുന്ന ഈ കോഴ്സ് പൂർണ്ണമായും തയ്യാറാക്കിയത് മലയാളത്തിലാണ്. ഒൻപത് സെഷനുകളിലായി 20 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് കെ എ യു MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന് പ്രയോജനപ്പെടുത്താവുന്നതാണ്. കമ്പ്യൂട്ടർ /സ്മാർട്ട് ഫോൺ എന്നിവയുടെ സഹായത്തോടെ കോഴ്സ് പഠിക്കാവുന്നതാണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് അടച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കാവുന്നതാണ് . www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് 2021 നവംബർ 8 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

**പരിശീലന പരിപാടികൾ**

6. വെള്ളായണി ആർ.ടി.ടി സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും വേണ്ടി കാർഷിക യന്ത്രങ്ങളിൽ പ്രവൃത്തിപരിചയം നൽകുന്നതിന് മൂന്ന് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ട്രാക്ടർ, ടില്ലർ, ഞാറു നടീൽ യന്ത്രം, പവ്വർ ടില്ലർ, ഗാർഡൻ ടില്ലർ, മിനി ടില്ലർ, സ്പ്രേയർ കൂടാതെ വിവിധ ചെറുടിക കാർഷിക യന്ത്രങ്ങൾ എന്നിവയിലാണ് പരിശീലനം നൽകുന്നത്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ പൂർണ്ണമായ മേൽവിലാസം, ബന്ധപ്പെടേണ്ട നമ്പർ സഹിതം rttctvpm@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകുകയോ വെള്ളായണി ആർ.ടി.ടി സെന്ററിൽ നേരിട്ട് ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470314, 9383470315 എന്നീ നമ്പരുകളിൽ വിളിക്കുക.

7. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ശുദ്ധമായ പാലുൽപ്പാദനം** എന്ന വിഷയത്തിൽ **നവംബർ മാസം** 2,3 തീയതികളിലായി രണ്ട് ദിവസത്തെ ക്ലാസ്സ് റൂം പരിശീലനം ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പങ്കെടുക്കുന്നവർ ആധാർകാർഡ്, കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ നിർബന്ധമായും സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8075028868, 9947775978 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

8. കൊട്ടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **വനിതകൾക്കായി മുട്ടക്കോഴി – ഇറച്ചിക്കോഴി വളർത്തലിൽ പരിശീലനം നവംബർ 3** ബുധനാഴ്ച നടത്തുന്നതാണ്. രജിസ്ട്രേഷനായി പ്രവൃത്തി സമയങ്ങളിൽ 9539747217 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ ക്ലാസ്റൂം പരിശീലന പരിപാടി നവംബർ 2,3 തീയതികളിൽ രാവിലെ 10 മണി മുതൽ ഈരയിൽക്കടവിൽ പ്രവർത്തിക്കുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പങ്കെടുക്കുന്നവർ ആധാർകാർഡ്, കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ നിർബന്ധമായും സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0481-2302223 എന്ന നമ്പരിൽ ബന്ധപ്പെടുക.